Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

16.1.2017

All Kerala Press Release

*Ref: 566KCBC/K-6/KPR/DS*

# ഇന്റർ ചർച്ച് കൗൺസിൽ യോഗം കൊച്ചിയിൽ ഇന്ന് (17.01.17)

കൊച്ചി: ഇന്റർ ചർച്ച് കൗൺസിലിന്റെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ ക്രൈസ്തവസഭകളുടെ മേലധ്യക്ഷന്മാരുടെ സമ്മേളനം ഇന്നു പാലാരിവട്ടം പിഒസിയിൽ നടക്കുമെന്നു പ്രസിഡന്റും സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ്പുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അറിയിച്ചു. വിവിധ സഭകളെ പ്രതിനിധീകരിച്ച് 25 മെത്രാപ്പോലീത്തമാരും മെത്രാന്മാരും പങ്കെടുക്കും.

മാർത്തോമാ സഭാധ്യക്ഷൻ ജോസഫ് മാർത്തോമ മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിലാണു യോഗം. സിബിസിഐ പ്രസിഡന്റും സീറോ മലങ്കര സഭ മേജർ ആർച്ച്ബിഷപ്പുമായ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ, കർദിനാൾ മാർ ജോർജ് ആലഞ്ചേരി തുടങ്ങിയവർ സംസാരിക്കും.

ക്രിസ്തീയകുടുംബങ്ങൾ: വെല്ലുവിളികളും ഉത്തരവാദിത്തങ്ങളും എന്ന വിഷയത്തിൽ യോഗത്തിൽ ചർച്ചകളുണ്ടാകും. കേരളത്തിലെ ക്രൈസ്തവസഭകളുമായി ബന്ധപ്പെട്ട പൊതുവിഷയങ്ങൾക്കു പുറമേ, സമകാലിക സാമൂഹ്യ, രാഷ്ട്രീയ സാഹചര്യങ്ങളെയും ഇന്റർ ചർച്ച് കൗൺസിൽ യോഗം അവലോകനം ചെയ്യും.

വിവിധ ക്രൈസ്തവസഭകളിൽ നിന്നു വൈദിക, അല്മായ പ്രതിനിധികളും കൗൺസിൽ യോഗത്തിൽ പങ്കെടുക്കും.

**ഫാ. വർഗീസ് വള്ളിക്കാട്ട്**

ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്,

കെ.സി.ബി.സി/ഡയറക്ടർ, പി.ഒ.സി